Website :- www.keralapsc.gov.in E-mail:- dopkd.psc@kerala.gov.in
ടെലഫോൺ : - 0491- 2505398 Fax No. 0491 - 2505311

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്

---

**റാങ്ക് പട്ടിക നമ്പർ : 488/2020/DOP** **പാലക്കാട്**
**കാറ്റഗറി നമ്പർ : 009/2020** **31.12.2020**

## <u>വിജ്ഞാപനം</u>

പാലക്കാട് ജില്ലയിൽ പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് രൂപ.22,200-48,000/- ശമ്പള നിരക്കിൽ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന (ഇവരിൽ Most primitive group-ൽ ഉൾപ്പെട്ടവർക്ക് മുൻഗണന) (കാറ്റഗറി നമ്പർ: 009/2020) തെരഞ്ഞെടുപ്പിലേയ്ക്കായി 17.11.2020 മുതൽ 19.11.2020 വരെ നടത്തിയ ശാരീരിക അളവെടുപ്പിലും കായികക്ഷമതാ പരീക്ഷയിലും യോഗ്യത നേടുകയും തുടർന്ന് 24.11.2020, 25.11.2020 തീയതികളിൽ ബഹു.കമ്മീഷൻ നടത്തിയ അഭിമുഖത്തിൽ യോഗ്യരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിനു ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയ റാങ്ക് പട്ടിക **28.12.2020** തീയതി മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു.

ഈ റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം നിലവിലിരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ തെരഞ്ഞെടുപ്പിലേയ്ക്കായി ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

ഈ റാങ്ക് പട്ടികയിൽ നിന്നും നിയമ ശിപാർശ നടത്തുന്നത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലായതിനാൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കണമെന്നില്ല. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുമ്പോൾ ഈ പട്ടികയിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ മാത്രം നിയനത്തിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(ബഹു.കമ്മീഷന്റെ ഉത്തരവുപ്രകാരം)

അൻവർ സാദത്ത്.വൈ
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, പാലക്കാട്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ